# ശ്രീ കൊട്ടിയൂർ ദേവസ്വം

## ലേലം / ക്വട്ടേഷൻ നോട്ടീസ്

ശ്രീ കൊട്ടിയൂർ മഹാക്ഷേത്രത്തിലെ 2025ാം ആണ്ടത്തെ വൈശാഖ മഹോത്സവത്തോടനുബന്ധിച്ച് ദേവസ്വം വക ഇക്കര കൊട്ടിയൂരിലും മന്ദംചേരിയിലും പ്ലോട്ടുകളായി തിരിച്ച് നമ്പർ ചെയ്ത സ്ഥലങ്ങളിൽ താൽക്കാലിക ഷെഡ്ഡുകൾ നിർമ്മിച്ച് കച്ചവടം ചെയ്യുവാനും ഉത്സവ പ്രസാദമായ ഓടപ്പൂ നിർമ്മിച്ച് വിൽപന നടത്തുന്നതിനുമുള്ള ലൈസൻസുകളും ദേവസ്വം വക ഒഴിവുള്ള മുറികളിൽ 2025 ലെ വൈശാഖ മഹോത്സവ കാലത്ത് വ്യാപാരം നടത്തുവാനും ഉത്സവകാലത്ത് നടുകുനിയിൽ താൽകാലിക് ഷെഡുകൽ നിർമ്മിച്ച് ക്ലോക്ക് റൂം നടത്തുവാനുമുള്ള അവകാശത്തിനും ഉത്സവകാലത്ത് വഴിപാടായി വരുന്ന നാളികേരങ്ങളിൽ ദേവസ്വം ആവശ്യം കഴിച്ച് ബാക്കിവരുന്നവ ദിനംപ്രതി ശേഖരിക്കുന്നതിനുമുള്ള അവകാശത്തിനുമുള്ള ലേലം/ക്വട്ടേഷനുകളും 2025 ഏപ്രിൽ 9 ാം തിയതി നടക്കുന്നതാണ്. ദേവസ്വം സ്ഥലത്ത് താൽക്കാലിക ഷെഡുകൾ നിർമ്മിച്ച് കച്ചവടം ചെയ്യുന്നതിനുള്ള ലൈസൻസിനുള്ള ക്വട്ടേഷനുകൾക്ക് പുറമെ പരസ്യലേലവും നടത്തുന്നതാണ്. ക്വട്ടേഷനുകൾ മുൻകൂട്ടിയും അതാത് പ്ലോട്ടുകളുടെ ലേലം നടത്തുന്നതിന് മുൻപ് വരെയും സമർപ്പിക്കാവുന്നതും അതിന് ശേഷം ലേലം ഉറപ്പിച്ച് കഴിഞ്ഞാൽ ആയതിന് ലഭിച്ച ക്വട്ടേഷൻ തുറന്ന് പരിശോധിച്ചതിന് ശേഷം ഏതാണ് കൂടുതൽ ആയതിന് ഉറപ്പിക്കുന്നതുമായിരിക്കും. 9/04/2025ാം തീയ്യതി നടക്കാത്ത സ്റ്റാളുകളുടെ ലേലം/ക്വട്ടേഷൻ നടപടി 16/04/2025ാം തീയ്യതി രാവിലെ 10 മണി മുതൽ നടക്കുന്നതാണ്. വിശദ വിവരങ്ങൾ ഓഫീസ് സമയങ്ങളിൽ ദേവസ്വം ഓഫീസിൽ നിന്നും നേരിട്ട് ശേഖരിക്കാവുന്നതാണ്.

**നിബന്ധനകൾ**

1. ലേലത്തിൽ പങ്കെടുക്കുന്നവർ മുൻകൂട്ടി 50,000 രൂപ ദേവസ്വത്തിൽ കെട്ടിവെക്കേണ്ടതാണ്.
2. ലേലം/ക്വട്ടേഷനിൽ പങ്കെടുത്ത് ഉയർന്ന തുക ഓഫർ ചെയ്യുന്ന കരാറ്കാരന് ലേലം ഉറപ്പിച്ചു നൽകുന്നതും ടിയാൻ അപ്പോൾതന്നെ ഒരു ലക്ഷം രൂപ അടയ്ക്കുകയും ലേല സംഖ്യയുടെ 50 % തുക 10/04/2025 ന് വൈകുന്നേരം 4 മണിക്ക് മുൻപായി ദേവസ്വം വക ബാങ്ക് എക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതും, ബാക്കി 50 % തുകയും ലേലസംഖ്യയുടെ 18 % ജി.എസ്.ടി യും 15/04/2025 ന് വൈകുന്നേരം 4 മണിക്ക് മുൻപായി ദേവസ്വം വക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതുമാണ്. 10/04/2025 ന് വൈകുന്നേരം 4 മണിക്ക് മുൻപ് ലേലസംഖ്യയുടെ 50 % തുക അടയ്ക്കാത്തവരുടെ ലേലം റദ്ദു ചെയ്യുന്നതും നിരതദ്രവ്യം ദേവസ്വത്തിലേക്ക് കണ്ടുകെട്ടുന്നതുമാണ്. പ്രസ്തുത കച്ചവടത്തിനായുള്ള സ്ഥലം രണ്ടാം സ്ഥാനക്കാരനോ, പുനർ ലേലം മുഖേനയൊ, ദേവസ്വം നൽകുന്നതുമായിരിക്കും, ഇതിനെ ആർക്കും ചോദ്യം ചെയ്യുകൂടാത്തതുമാണ്.
3. ലേലം വിളിച്ചെടുത്തതിന് ശേഷം ലേലക്കാർക്കുണ്ടാകുന്ന യാതൊരു കഷ്ട നഷ്ടങ്ങൾക്കും ദേവസ്വം ഉത്തരവാദിയായിരിക്കുന്നതല്ല.
4. ലേലം വിളിച്ചെടുത്തവരുടെ ഡിപ്പോസിറ്റ് സംഖ്യ വൈശാഖ മഹോത്സവത്തിന് ശേഷം താൽക്കാലിക സ്റ്റാളുകൾ നീക്കം ചെയ്ത്. കച്ചവട സ്ഥലത്തെ മാലിന്യങ്ങൾ നീക്കം ചെയ്ത് കച്ചവട സ്ഥലത്തെ എന്നു ബോധ്യപ്പെട്ടാൽ മാത്രമെ തിരികെ നൽകുകയുള്ളൂ. ഏതെങ്കിലും കാരണവശാൽ ലേലക്കാരൻ ലേല നിബന്ധന തെറ്റിക്കുന്ന പക്ഷം നിരതദ്രവ്യം ദേവസ്വത്തിലേക്ക് ലയിപ്പിക്കുന്നതായിരിക്കും.
5. കച്ചവട സ്ഥലങ്ങളിൽ ലേല സമയത്ത് നിർദ്ദേശിക്കുന്ന കച്ചവടം മാത്രമെ നടത്തുവാൻ പാടുള്ളൂ. അല്ലാതെ മറ്റുവല്ല സാധനങ്ങളും വിൽക്കുകയൊ, സൂക്ഷിക്കുകയൊ ചെയ്താൽ ലേലക്കാരന്റെ ലേലം റദ്ദു ചെയ്യുന്നതും, ലേലസ്ഥലം ദേവസ്വത്തിലേക്ക് അധീനപ്പെടുന്നതും അടച്ച സംഖ്യ പിഴയായി ദേവസ്വത്തിലേക്ക് കണ്ടുകെട്ടുന്നതുമാണ്.
6. ഗവൺമെന്റ് നിയമംമൂലം വിപണനവും സൂക്ഷിപ്പും നിരോധിച്ച സാധനങ്ങൾ - മദ്യം മയക്കുമരുന്ന്, മത്സ്യമാംസാദികൾ, പ്ലാസ്റ്റിക് ക്യാരി ബാഗുകൾ തുടങ്ങിയവ കച്ചവട സ്ഥലത്ത് സൂക്ഷിക്കാനൊ, ഉപയോഗിക്കുവാനൊ വിപണനം ചെയ്യുവാനൊ പാടില്ലാത്തതുമാകുന്നു.
7. ലേലക്കാർ തമ്മിലുള്ള തർക്കങ്ങളിൽ ദേവസ്വത്തിന്റെ തീരുമാനം അന്തിമമായിരിക്കും.

8. കച്ചവടത്തിനായി അനുവദിച്ച സ്ഥലത്ത് ദേവസ്വം മാർക്ക് ചെയ്ത സ്ഥലത്തിന് പുറമേ കച്ചവട സ്റ്റാൾ കെട്ടുന്നപക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ അധികമായി കെട്ടിയ ഭാഗം പൊളിച്ച് നീക്കുന്നതും ആയതിൻെറ ചെലവ് ലേലക്കാരുടെ നിരതദ്രവ്യത്തിൽ നിന്നും വസൂലാക്കുന്നതുമാണ്.

9. ഹരിത കേരള മിഷൻ, ശുചിത്വമിഷൻ, ഗ്രാമപഞ്ചായത്ത് അധികൃതർ തുടങ്ങിയവരുടെ നിർദ്ദേശം പാലിക്കാൻ കാരാറുകാർ ബാദ്ധ്യസ്ഥരായിരിക്കും. ഹരിതകർമ്മ സേന അതാത് ദിവസം ശേഖരിക്കുന്ന മാലിന്യത്തിന് അവർ നിശ്ചയിക്കുന്ന യൂസർഫീ കച്ചവടക്കാർ നൽകേണ്ടതാണ്. കച്ചവടക്കാർ അത് നൽകുന്നുണ്ട് എന്ന് കാരാറ്കാരൻ ഉറപ്പുവരുത്തേണ്ടതാണ്.

10. ലേലം ഉറപ്പിച്ചുകഴിഞ്ഞാൽ കരാറുകാരൻ 500/- രൂപയുടെ സ്റ്റാമ്പ് പേപ്പറിൽ ലേലനിബന്ധന പാലിച്ചുകൊള്ളാമെന്ന സമ്മതപത്രം ഒപ്പിട്ട് ദേവസ്വത്തെ ഏൽപ്പിക്കേണ്ടതാണ്.

11. അക്കര ക്ഷേത്ര നടയുടെ രണ്ടുഭാഗത്തും കച്ചവടം ചെയ്യുന്നവർ ഒന്നരമീറ്റർ പിറകോട്ട്മാറ്റി മാത്രമെ താൽക്കാലിക സ്റ്റാളുകൾ നിർമ്മിക്കുവാൻ പാടുള്ളൂ.

12. ലേലം /ക്വട്ടേഷൻ നടപടി നിർത്തിവെക്കാനും നിരാകരിക്കുവാനും വീണ്ടും നടത്തുവാനുമുള്ള അവകാശം ദേവസ്വം അധികൃതരിൽ നിക്ഷിപ്തമാണ്. ആയതിനെ ആർക്കും ചോദ്യംചെയ്യുകൂടാത്തതുമാകുന്നു.

13. ദേവസ്വം കരിമ്പട്ടികയിൽ പെടുത്തിയ വ്യക്തികൾക്കും, ആ വ്യക്തി ഉൾപ്പെടുന്ന സർക്കാർ റേഷൻ കാർഡിൽ അംഗങ്ങളായവർക്കും ലേലത്തിൽ പങ്കെടുക്കുവാൻ അനുവാദമില്ലാത്തതുമാണ്.

കൊട്ടിയൂർ

15/03/2025

ട്രസ്റ്റി ബോർഡിൻെറ കൽപന പ്രകാരം
എക്സി. ഓഫീസർ
ശ്രീ കൊട്ടിയൂർ ദേവസ്വം

15/3/2025

EXECUTIVE OFFICER
SREE KOTTIYOOR DEVASWOM
P. O. KOTTIYOOR - 670 651